# NOSAA

REG. NO : ALP/TC/242/2017

CHENNITHALA P O , MAVELIKARA

## Roll Call 2024

let's recall the memories

## Annual General Body Meeting 2024

## &

## Silver Jubilee of 1st Batch ( 1991 - 1998 )

2024 December 22

@ JNV Chennithala

10.00 am - 7.00 pm

# GOVERNING BODY MEMBERS

| | |
|---|---|
| • SIBI V, BATCH 2 | PRESIDENT |
| • DINU VISWANATH, BACTH 4 | SECRETARY |
| • ANEESH K GOPI, BATCH 1 | TREASURER |
| • BIJINA V, BATCH 13 | VICE PRESIDENT |
| • RETHEESH R, BATCH 5 | EXECUTIVE MEMBER |
| • ARUN R S, BATCH 6 | " |
| • VINAYADAS V, BATCH 9 | " |
| • SUMESH S, BATCH 9 | " |
| • SOORAJ S, BATCH 21 | " |
| • SUBIN R K, BATCH 22 | " |
| • ARJUN KRISHNA, BATCH 26 | " |
| • VISHNU P, BATCH 10 | " |

# Program Schedule

9:00 AM – 10:45 AM: Registration
. Attendee check-ins & badge distribution.

11:00 AM – 11:30 AM: Inauguration Ceremony
. Welcome Speech by Aneesh K Gopi (Treasurer)
. Inaugration - Lighting the lamp by Guest
. Presidential address by Sibi. V (President)
. Keynote address by Shri. C H Dineshan ( Principal )
. Felicitations
. Annual Report by Dinu Viswanath ( Secretary)
. Memento Presentation

11:30 AM – 12:00 PM: Honoring & Prize Distribution
. Honoring of alumnis & key contributors for the year 2023-2024
. Online competition prizes.
. Vote of thanks by Bijina V (Vice President )

12:00 PM – 12:45 PM: Silver Jubilee Celebration of Batch 1
. Honoring 1st Batch alumni , staff & teachers.
. Group Photo of Alumnis

1:00 PM – 2:00 PM: Lunch

2:00 PM – 3:00 PM: Photo Session
. Batch-wise group photos.

3:00 PM – 4:30 PM: Cultural Programs
. Performances by alumni & Family.

Tea and snacks from 4:00 PM.

4:30 PM – 5:30 PM : Fun Activities
. Fun Games for alumni and Family.

6:00 PM – 7:15 PM: Music and dance .

# NOSAA

ആലപ്പുഴ നവോദയ വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയ പൂർവ വിദ്യാർത്ഥികളുടെ സംഘടനയാണ് NOSAA എന്ന നവോദയ ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ ആലപ്പുഴ . 2008 ലെ അലുംനി മീറ്റിനു വന്പിച്ച പങ്കാളിത്തം ഉണ്ടാവുകയും തുടർന്ന് വിപുലമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. എല്ലാവർഷവും ഡിസംബർ ആദ്യ ഞായർ ചെന്നിത്തല നവോദയ സ്കൂളിൽ നടത്തുന്ന അലുംനി ദിനങ്ങളിലൂടെയാണ് NOSAA രൂപം കൊണ്ടത്. സ്കൂളിലെ കുട്ടികളിൽ മികവ് പുലർത്തുന്നവർക്ക് 500 രൂപ വച്ചു ധനസഹായം നൽകികൊണ്ടായിരുന്നു പ്രവർത്തന തുടക്കം. നമ്മളിൽ പലരുടെയും ചികിത്സാ, സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നതിന് വേണ്ടി ആണ് പ്രാരംഭ ധന സമാഹരണങ്ങൾ നടത്തിയത്. ആസിഡ് വീണു പരിക്ക് പറ്റിയ 8-ആം ബാച്ചിലെ സഹോദരി 6, 8 ബാച്ചുകളിലെ സഹോദരങ്ങളുടെ പിതാവ് എന്നിവരുടെ ചികിത്സാ സഹായത്തിനായി 50,000 രൂപ വീതം നൽകി. ആസിഡ് അപകടം നേരിട്ട വ്യക്തിയുടെ തുടർചികിത്സക്ക് സർക്കാർ സഹായം ഉറപ്പാക്കാൻ ഇടപെടൽ ഉണ്ടാവുകയും ചെയ്തു.

## നാഴിക കല്ലുകൾ

2016 ൽ വിവിധ ബാച്ച് പ്രതിനിധികളുടെ ഒരു യോഗം ആലപ്പുഴ വച്ച് നടത്തുകയും അതിന്റെ തുടർ നടപടിയായി 2017 ൽ നവോദയ ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ ആലപ്പുഴ എന്ന നമ്മുടെ സംഘടന ഔദ്യോഗികമായി രജിസ്റ്റർ ചെയ്തു നിയമാവലിയും ഭരണസമിതിയും രൂപപ്പെടുത്തുകയുമുണ്ടായി

2017 ഡിസംബർ 30, 31 തീയതികളിലായി ആലപ്പുഴ നവോദയയുടെ ജൂബിലീ ആഘോഷത്തോടെ ആയിരത്തോളം ആളുകൾ പങ്കെടുത്ത വലിയൊരു പൂർവ വിദ്യാർത്ഥി സംഗമം നടത്താനായി. കലാ കായിക പരിപാടികളും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരെയെല്ലാം ആദരിക്കലും നടന്നു. പല ബാച്ചുകളിൽ നിന്ന് സംഭാവനയായി ലഭിച്ച 8 ലക്ഷത്തോളം രൂപയായിരുന്നു മൂലധനം. അങ്ങനെയൊരു മഹാസംഗമം നടത്താൻ സാധിച്ചതിനു എല്ലാ NOSAA അംഗങ്ങൾക്കും നന്ദി പറയുന്നു. അന്ന് സമാഹരിച്ച തുകയുടെ ബാക്കി കൊണ്ടാണ് പിന്നീടുള്ള പ്രവർത്തനങ്ങൾ നടത്തിയത്.

## പ്രവർത്തനങ്ങൾ

പൂർവ വിദ്യാർത്ഥികളുടെയും നവോദയ സ്കൂളിലെ കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുക എന്നതാണ് NOSAAയുടെ പ്രാഥമിക ലക്ഷ്യം. കുട്ടികൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ, പഠനത്തിനും ജോലിക്കും വേണ്ട നിർദേശങ്ങളും സഹായ സഹകരണങ്ങളും നൽകുക, അത്യാവശ്യ ഘട്ടങ്ങളിൽ കടയുള്ളവർക്ക് കൈത്താങ്ങാവാനും NOSAAക്കു സാധിച്ചിട്ടുണ്ട്

നിരവധി മേഖലകളിൽ കരിയർ ഗൈഡൻസ് ക്ലാസുകൾ ഓൺലൈൻ ആയും നേരിട്ടും നൽകുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്

- 2018 ലെ പ്രളയം മൂലം തകർന്ന ബിസിനസ്സ് തുടരുന്നതിന് 7ആം ബാച്ചിലെ സഹോദരന് 50000 രൂപ പലിശ രഹിത ലോൺ നൽകി

- 2018 ലെ പ്രളയ സമയത്ത് ഏറ്റവും കൂടുതൽ നാശ നഷ്ടങ്ങൾ ഉണ്ടായ ചെങ്ങന്നൂർ താലൂക്കിൽ രക്ഷാപ്രവർത്തനങ്ങൾക്കായി നമ്മുടെ അലുംനി മെമ്പേഴ്സ് ആയ അനീഷ് കെ ഗോപി (B1), സിബി വി (B2), വിനോദ്കുമാർ എൻ കെ (B2), ദീപക് എം ടി (B4) എന്നിവർ ദിവസങ്ങളോളം മുൻ നിരയിൽ ഉണ്ടായിരുന്നു.

ഒന്നാം ബാച്ചിലെ അനീഷ് കെ ഗോപി, രണ്ടാം ബാച്ചിലെ സിബി വി,വിനോദ്കുമാർ എൻ കെ , നാലാം ബാച്ചിലെ ദീപക് എം ടി ,ദിനു വിശ്വനാഥ് എന്നിവരുടെ നേതൃത്വത്തിൽ ചെങ്ങന്നൂർ മാന്നാർ ഭാഗങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി നമ്മുടെ സംഘടന മുന്നിലുണ്ടായിരുന്നു. വിവിധ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും സമാഹരിച്ച ആവശ്യവസ്തുക്കൾ, മരുന്നുകൾ, ഭക്ഷണ സാധനങ്ങൾ, കുട്ടികൾക്ക് വസ്ത്രങ്ങളും കളിപ്പാട്ടങ്ങളും രണ്ടു ടെമ്പോ ട്രാവലർ ഉപയോഗിച്ച് ചെങ്ങന്നൂർ താലൂക്കിലെ വിവിധ ക്യാമ്പുകളിലും വീടുകളിലും നമ്മൾ എത്തിച്ചു കൊടുത്തു.

- 2020 കോവിഡ് കാലത്ത് കേരളത്തിന് പുറത്ത് നിസ്സഹായരായിപ്പോയ പലരെയും നാട്ടിൽ കൊണ്ട് വരാനും, ആയതിനു അലുംനിയും തമിഴ്നാട് ഐ എ എസ് ഉദ്യോഗസ്ഥനുമായ ശ്രീ സമീരന്റെ സഹായം നേടാനും കഴിഞ്ഞു.

- അതെ സമയത്ത് തന്നെ മെഡിക്കൽ സഹായം നൽകുന്നതിനുവേണ്ടി സന്നദ്ധരായ 40 ലധികം ഡോക്ടർമാരുടെയും മറ്റു ആരോഗ്യ പ്രവർത്തകരുടെയും ഒരു മെഡിക്കൽ ഗ്രൂപ്പ് ഉണ്ടാക്കുകയും 300ലധികം സഹായങ്ങൾ നൽകാനും കഴിഞ്ഞു. ഇപ്പോഴും തുടരുകയും ചെയ്യുന്നു.

- കോവിഡ് കാലത്തു പലരും വിഷമഘട്ടത്തിൽ ആയിരുന്നപ്പോൾ നോസാ സ്തുത്യർഹമായ വളരെയധികം പ്രവർത്തനങ്ങൾ കാഴ്ചവച്ചു. 17-ആം ബാച്ചിലെ സഹോദരന്റെ പിതാവിന് ക്യാൻസർ ചികിത്സക്ക് 10000 രൂപ യും, 9-ആം ബാച്ചിലെ സഹോദരന് കോവിഡിനാൽ പഞ്ചാബിൽ അകപ്പെട്ടു പോയ സമയത്ത് നാട്ടിലെത്താൻ സഹായ സഹകരണങ്ങൾ ചെയ്യുകയും NOSAAയുടെ വകയായി 10000 രൂപ

നൽകുകയും ചെയ്തു. കൊല്ലം നവോദയയിലെ അലുംനി ലോക്ഡോൺ കാലത്ത് ഹൈദരാബാദ് അകപ്പെട്ടുപോയപ്പോൾ അടിയന്തിരമായി പ്രസവ ചികിത്സക്കായി നാട്ടിലെത്തിക്കാൻ കഴിഞ്ഞു.

- കോവിഡ് കാലത്ത് വിദ്യാഭ്യാസം ഓൺലൈൻ ആയപ്പോൾ നിസ്സഹായാരായ കുട്ടികൾക്ക് മൊബൈൽ ഫോൺ നൽകാൻ 2, 4, 7, 13, 14, 21 ബാച്ചുകളിലെ പൂർവവിദ്യാർഥികൾ മുന്നോട്ടു വന്നു. 2-ആം ബാച് വിവിധ സ്ഥലങ്ങളിലെ 20 കുട്ടികൾക്ക് LED ടീവികൾ വാങ്ങി നൽകി.

- ഈ കാലയളവിൽ ജോലിയിൽ നിന്ന് വിരമിക്കുകയും സ്ഥലം മാറിപോകുകയും ചെയ്ത പ്രിൻസിപ്പാളിനും ടീച്ചേഴ്സിനെയും ആദരിച്ചുകൊണ്ട് ചടങ്ങ് നടത്തി.

- 2020 ൽ 8-ആം ബാച്ചിലെ സഹോദരന്റെ പിതാവിന്റെ ചികിത്സാ സഹായമായി അംഗങ്ങൾ വഴി 55000 രൂപയും 9, 6 ബാചുകളിലെ അംഗങ്ങൾക് അടിയന്തിര പലിശ രഹിത ധനസഹായമായി 25000 രൂപയും 15000 രൂപയും വീതം നൽകി.

- 2021ൽ നമ്മളെ വേർപിരിഞ്ഞ 6ആം ബാച്ചിലെ സഹോദരിയുടെ മക്കളുടെ പഠനാവശ്യങ്ങൾകായി 10000 രൂപ NOSAAയിൽ നിന്നും, 6ആം ബാച്ചിൽ നിന്ന് 50000 രൂപയും നൽകി.

- 2021ൽ 19ആം ബാച്ചിലെ സഹോദരിയുടെ പിതാവിന്റെ ചികിത്സക്കായി 2 ലക്ഷത്തോളം രൂപയും എല്ലാവരും ചേർന്ന് നൽകി .

- 2023 ൽ 18 ആം ബാച്ചിലെ സഹോദരിയുടെ ഭർത്താവിന് ചികിത്സക്കു വേണ്ടി 3 ലക്ഷത്തോളം രൂപയും എല്ലാവരും ചേർന്ന് നൽകി.

- 2023 ൽ 7 ആം ബാച്ചിലെ കൂട്ടുകാരന് ചികിത്സാ ചിലവിനു 30000 രൂപ പലിശ രഹിത വായ്പയായി നൽകി.

- ഈ കാലയളവിൽ നമ്മളെ വിട്ടു പിരിഞ്ഞ അംഗങ്ങളുടെയും മറ്റു കുടുംബാംഗങ്ങളുടെയും വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു

ഇതിനു പുറമെ പല ബാച്ചുകളും നേരിട്ട് പ്രവർത്തനങ്ങൾ ചെയ്യുകയുണ്ടായി. അഞ്ചാം ബാച്ച് സഹപാഠിയുടെ സ്മരണാർത്ഥം ബെസ്റ് ഔട്ട്ഗോയിംഗ് സ്റ്റുഡന്റ്നു നൽകുന്ന എവർറോളിങ് ട്രോഫിയും, അസംബ്ലി ഏരിയ റൂഫ് ചെയ്യാൻ നൽകിയ 25000 രൂപ, 18ആം ബാച്ചിലെ സഹോദരിയുടെ പഠനത്തിനും വീട് വയ്ക്കുന്നതിനും രണ്ടാം ബാച്ചിൽ നിന്ന് നൽകിയ രണ്ടു ലക്ഷത്തിലധികം തുക, സ്കൂളിൽ സഹപാടിയുടെ സ്മരണാർത്ഥം 3ആം ബാച്ച് നിർമിച്ചു നൽകിയ മെഡിക്കൽ റൂം, ഒന്നാം ബാച്ച് നൽകിയ 2 ലക്ഷത്തോളം വിലവരുന്ന 2 water പ്യൂരിഫയർ എന്നിവയാണ് വിവിധ പ്രവർത്തനങ്ങൾ.

## 2024 ലെ പ്രവർത്തനങ്ങൾ

സ്കൂളിൽ 3 career guidance ക്ലാസുകൾ നടത്തി. ഡിഫെൻസ് & ബാങ്കിംഗ് മേഖലയിൽ 11ആം ബാച്ചിലെ വ്യോമസേനാ ഉദ്യോഗസ്ഥനായ സന്ദീപ് എസ്, റോബോട്ടിക് മേഖലയിൽ 20 ആം ബാച്ചിലെ പ്രജിഷ് , MERCHANT NAVY യെക്കുറിച്ച് അതെ മേഖലയിലെ ഉദ്യോഗസ്ഥനും പത്താം ബാച്ചിലെ ആലുംനിയുമായ വിഷ്ണു ജി എന്നിവർ ആണ് ക്ലാസുകൾ നൽകിയത്.

അലുംനി ആയ ശ്രീ പ്രജീഷ് ന്റെ നേതൃത്വത്തിൽ റോബോട്ടിക് ക്ലാസുകൾ കുറഞ്ഞ ഫീസ് നിരക്കിൽ തുടർന്നും നടത്തുന്നു.

കേരളത്തിലെ 14 ജില്ലകളിലെയും മാഹി, ലക്ഷദ്വീപ് സ്ഥലങ്ങളിലെയും 16 നവോദയ പൂർവ വിദ്യാർത്ഥി സംഘടനകൾ ചേർന്ന് കേരളഘടകം ആയ UNMA രൂപപ്പെടുകയും NOSAA അതിനോട് ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു. NOSAA യും കേരള, റീജിയണൽ, ഗ്ലോബൽ നവോദയ ആലുംനി സംഘടകളും തമ്മിലുള്ള ബന്ധത്തിലൂടെ വലിയൊരു ആഗോള കൂട്ടായ്മ ഉണ്ടാക്കാനും നിരവധി പേർക്ക് തൊഴിലവസരങ്ങൾ നൽകുന്നതിനും കഴിയുന്നു. NOSAA യുടെ 4 പ്രതിനിധികൾ ഈ സംഘടനയിലെ അംഗങ്ങളും നമ്മുടെ NOSAA പ്രസിഡന്റ് UNMA യുടെ ജനറൽ സെക്രട്ടറിയും ആണ്

നമ്മെ വിട്ടുപിരിഞ്ഞ ശ്രീകല ടീച്ചറിന്റെ അനുസ്മരണം, 2023 ൽ civil service നേടിയ 19 ആം ബാച്ചിലെ സഹോദരി പാർവതിയുടെ അനുമോദന ചടങ്ങ് എന്നിവയും NOSAA നടത്തി. 2024 NVS റീജിയണൽ ബാസ്കറ്റ്ബോൾ മത്സരത്തിന് സ്കൂളിന്റെ അഭ്യർത്ഥന പ്രകാരം 10000 രൂപയുടെ സാധനങ്ങൾ വാങ്ങി നൽകുകയും 2 ദിവസങ്ങളിലും NOSAA അംഗങ്ങളുടെയും, അവരുടെ ഭാര്യമാരായ ഡോക്ടർസിന്റെയും നേഴ്സുമാരുടെയും നേതൃത്വത്തിൽ വൈദ്യസഹായം നൽകാനും കഴിഞ്ഞു.
ശ്രീകല ടീച്ചറിന്റെ പേരിൽ ഈ വർഷം മുതൽ 10, 12 ക്ലാസ്സുകളിലെ ഹിന്ദി ടോപ്പേഴ്സ്നു നൽകാൻ ട്രോഫിയും ക്യാഷ് പ്രൈസും ഏർപ്പെടുത്തി .

മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും നമ്മൾ മെഡിക്കൽ സപ്പോർട്ടും ജോലി സംബന്ധമായ കാര്യങ്ങളും Whatsapp, ഫേസ്ബുക് ഗ്രൂപ്പുകളിൽ കൂടി 1000 ലധികം തൊഴിലവസരങ്ങൾ അറിയിക്കുകയും ചെയ്തു . അത് കൂടാതെ വിവിധ സ്ഥാപനങ്ങളിലെ സേവനങ്ങൾക്കുള്ള മാർഗനിർദേശങ്ങൾ NOSAAയുടെ അംഗങ്ങൾ വഴി നൽകുകയും ചെയ്തു.

എല്ലാ അംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും കലാവാസനകൾ വളർത്താനും NOSAA കുടുംബത്തിന്റെ ബന്ധങ്ങൾ ദൃഢമാക്കുന്നതിനും വേണ്ടി വിവിധ കലാപരിപാടികൾ ഓൺലൈൻ ആയി നടത്തുകയും വിജയികൾക്ക് പാരിതോഷികങ്ങൾ നൽകുകയും ചെയ്യുന്നു

മുൻ വർങ്ങളിലെ വളരെ പരിമിതമായ സദസ്സിൽ നിന്നും 500 ലധികം അംഗങ്ങൾ പങ്കെടുക്കുന്ന പൂർവ വിദ്യാർത്ഥി സംഗമം വിജയകരമാക്കി തീർക്കുവാൻ NOSAA ക്കു കഴിഞ്ഞു.

## ഭാവി പ്രവർത്തനങ്ങൾ

- പൊതുയോഗത്തിലെ നിർദേശപ്രകാരം നിയമാവലി ഭേദഗതികൾ നടപ്പിലാക്കുക
- തൊഴിൽ മേളകൾ സംഘടിപ്പിക്കുക
- കുട്ടികൾക്ക് വേണ്ടി തുടർന്നും കരിയർ ഗൈഡൻസ് ക്ലാസുകൾ നടത്തുക
- പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും, , അദ്ധ്യാപക, അനദ്ധ്യാപകർക്കും വേണ്ടി മെഡിക്കൽ ക്യാമ്പുകൾ നടത്തുക
- ആഗോള നവോദയ പൂർവ വിദ്യാർത്ഥികളുടെ ഒരു കേന്ദ്രീകൃത വിവരശേഖരണം തയ്യാറാക്കുക
- മുന്നോട്ടുള്ള വർഷങ്ങളിൽ വാർഷിക വരിസംഖ്യ കൃത്യമായി നൽകുന്നവർക്ക് മാത്രമായി NOSAAയുടെ സേവനങ്ങൾ നൽകുക
- സ്കൂളിലെ വിദ്യാർത്ഥികളുടെ ബൗദ്ധികമായ ഉന്നമനത്തിനു വേണ്ടി പങ്കാളികൾ ആകുക

മുകളിൽ പറഞ്ഞിരിക്കുന്നത് പോലെ പൊതുജനങ്ങൾക്കും, പൂർവ വിദ്യാർത്ഥികൾക്കും നവോദയ സ്കൂളിലെ, അദ്ധ്യാപക, അനദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും പ്രയോജനകരമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകകൂടിയാണു NOSAAയുടെ ലക്ഷ്യം

**<u>മൂലധനം</u>**

NOSAA അംഗങ്ങളിൽ നിന്ന് പലപ്പോഴായി ലഭിച്ച സംഭാവനകൾ ആണ് നമ്മുടെ മൂലധനം. വരും വർഷങ്ങളിൽ അംഗത്വ ഫീസും വാർഷിക വരിസംഖ്യയും കൃത്യമായി വാങ്ങേണ്ടത് ഭാവി പ്രവർത്തനങ്ങൾക്ക് അത്യാവശ്യമാണ്.

2023 ൽ മുന്നിരിപ്പായി 2,69,998 രൂപയാണ് ഉണ്ടായിരുന്നത്. റീജിയണൽ അലുംനി മീറ്റിലേക്ക് 10000 രൂപയും 2 അംഗങ്ങൾക്ക് പലിശ രഹിത വായ്പയായി നൽകിയ 50000 രൂപയും ആയിരുന്ന ചെലവ്. ബാങ്ക് പലിശയും ലോൺ തിരിച്ചടവും ഉൾപ്പെടെ 2,35,785 രൂപ ബാങ്കിലും 4,076രൂപ കൈവശവുമായി 2,39,861 രൂപ നീക്കിയിരിപ്പു ഉണ്ടായിരുന്നു.

2024 ൽ UNMA ക്കു നൽകിയ 5000 രൂപ, റീജിയണൽ ബാസ്കറ്റ് ബോൾ മീറ്റിന്റെ ഭാഗമായി സ്കൂളിലേക്ക് സാധനങ്ങൾ വാങ്ങി നല്കാൻ10000 രൂപ, അനുമോദന ചടങ്ങുകൾക്കായി നൽകിയ 5500 രൂപ ഉൾപ്പെടെ ആകെ 20845/- രൂപ ചെലവും വിവിധ ബാച്ചുകളിലെ അംഗത്വ ഫീസും സംഭാവനകളും ചേർത്തു 3,05,931/- രൂപ വരവും ആയി ആകെ ₹5,33,452.58 രൂപ *17/12/2024* വരെ നമ്മുടെ ആസ്തിയായി ഉണ്ട്.
ഏഴാം ബാച്ചിലെ സഹോദരന് ചികിൽസക്ക് വായ്പയായി നൽകിയ 30000 രൂപ തിരികെ ലഭിക്കാനും ഉണ്ട്.

2017 നു ശേഷം ഏറ്റവും വലിയ പങ്കാളിത്തത്തോടെ പൂർവവിദ്യാർത്ഥി സംഗമവും, ആദ്യ ബാച്ച് പുറത്തിറങ്ങിയതിന്റെ രജത ജൂബിലിയും ആഘോഷിക്കുന്ന NOSAA യുടെ 2024 ലെ അലുംനി ദിനത്തിന് എല്ലാവിധ വിജയാശംസകളും നേർന്നുകൊണ്ട് നിർത്തുന്നു

**ദിനു വിശ്വനാഥ്**

**സെക്രട്ടറി , NOSAA**

# *Our Current Sponsors*

| | | |
|---|---|---|
| 1. | Food for 600+ members | : Batch 1 |
| 2. | Generator Fuel | : Sulabha, Batch 12 |
| 3. | Music night | : Batch 6 |
| 4. | Sound | : Batch 4 |
| 5. | Cultural Program | : Batch 8 |
| 6. | Security & Labour | : Bacth 9 |
| 7. | Registration & Badges | : Krupa & Abhijith, Batch 15 |
| 8. | Inauguration | : Batch 8 |
| 9. | Illumination (front, parking, etc.) | : Batch 7 |
| 10. | Selfie Point Sponsorship | : Jithin,11th Batch & Dini Mathew, Batch 13 |
| 11. | Photography & Fun Games & Kids Activities | : Manesh R, Batch 1, CEO, Spektra Systems |

*A Ton of Thanks to All! *

***Team NOSAA***